നിലവിലുള്ള ശുദ്ധജല വിതരണ സംവിധാനത്തിന് ക്വാർട്ടേഴ്സിന്റെ മുകളിലത്തെ നിലയിൽ ശുദ്ധജലം എത്തിക്കാൻ സാധിക്കാത്തതുകൊണ്ട് മുകളിലത്തെ നിലയിൽ വെള്ളം എത്തിക്കുന്നതിന് ഒരു ലക്ഷം ലിറ്റർ വെള്ളം കൊള്ളുന്ന ഗ്രൗണ്ട് വാട്ടർ ടാങ്കും ഓവർ ഹെഡ്ഡ് ടാങ്കും പണിയുന്നതിനാവശ്യമായ 12.15 ലക്ഷം രൂപയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പണികൾ പൂർത്തിയാക്കി ക്വാർട്ടേഴ്സ് ജീവനക്കാർക്ക് കൈമാറുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(12) ഇരവിപുരം നിയോജകമണ്ഡലത്തിൽ ടാങ്കർ ലോറികളിൽ കുടിവെള്ളമെത്തിക്കാൻ നടപടി

ശ്രീ. എ. എ. അസീസ്: ഇരവിപുരം, മയ്യനാട്, തൃക്കോവിൽവട്ടം, ഇളമ്പള്ളൂർ, കൊറ്റങ്കര പഞ്ചായത്തുകളിൽ അതിരൂക്ഷമായ ജലക്ഷാമമാണ്. കുടിവെള്ളം ഇവിടെ വിലയ്ക്ക് വാങ്ങുകയാണ്. മുൻകാലങ്ങളിൽ സമയമാകുമ്പോൾ ടാങ്കർ ലോറികളിൽ വെള്ളമെത്തിക്കുക പതിവായിരുന്നു. ഇത്തവണ അതിന് നടപടി സ്വീകരിച്ചില്ല. അടിയന്തിരമായി ഈ പഞ്ചായത്തുകളിൽ കുടിവെള്ളം എത്തിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങൾ കണ്ടെത്തി കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള സത്വര നടപടി കൈക്കൊള്ളാൻ 11-3-2005-ൽ എല്ലാ ജില്ലാകളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇരവിപുരം നിയോജകമണ്ഡലത്തിലെ മയ്യനാട്, തൃക്കോവിൽവട്ടം, ഇളമ്പള്ളൂർ, കൊറ്റങ്കര എന്നീ പഞ്ചായത്തുകളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ജില്ലാകളക്ടർ ഗവൺമെന്റിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. എവിടെയെങ്കിലും കുടിവെള്ളം ലഭ്യമായിട്ടില്ലെന്ന് അറിയിച്ചാൽ തീർച്ചയായിട്ടും ജില്ലാകളക്ടറുടെ ശ്രദ്ധയിൽ അത് പെടുത്തുന്നതാണ്.

(13) യോഗ്യതയുടെയും, നിയമനത്തിന്റെയും കാര്യത്തിൽ യു. ജി. സി. നിബന്ധന നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. ടി. തോമസ്: സർ, 1996-മുതൽ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മിഷന്റെ എല്ലാ നിയമങ്ങളും കേരളത്തിൽ നടപ്പായി തുടങ്ങിയിട്ടുണ്ട്. അദ്ധ്യാപകരുടെ ശമ്പളവും മറ്റ് സാമ്പത്തിക ആനുകൂല്യങ്ങളും പ്രൊമോഷനുമെല്ലാം കൃത്യമായി നൽകുന്നുണ്ട്. എന്നാൽ അവരുടെ യോഗ്യതയുടെ കാര്യത്തിൽ ഇതേവരെ കർക്കശമായ ഒരു നിലപാട് സ്വീകരിച്ചിട്ടില്ല. ആവശ്യത്തിന് ഗവേഷണ യോഗ്യതയും, റീഡർഷിപ്പും മൊക്കെയുള്ള ആളുകളെ മാത്രമേ പ്രിൻസിപ്പലായി നിയമിക്കാവൂ എന്ന നിബന്ധന

11.00 A.M.]

LIBRARY ARCHIVES Kerala Legislative Assembly

പാലിക്കപ്പെട്ടിട്ടില്ല. യു. ജി. സി. യുടെ സാമ്പത്തികമായ നേട്ടങ്ങൾ അധ്യാപകർക്ക് ലഭിച്ചുവെങ്കിലും ഗുണപരമായ നേട്ടങ്ങൾ അധ്യാപകർക്ക് ലഭിക്കുവാനുള്ള യാതൊരു നടപടിയും എടുത്തിട്ടില്ല. അതുകൊണ്ട് യു. ജി. സി. യുടെ നിബന്ധന അനുസരിച്ചുള്ള ഗുണപരമായ ക്വാളിറ്റി ഇമ്പ്രൂവ്മെന്റ് അധ്യാപകരുടെ ഭാഗത്തുനിന്നും ഉണ്ടാകണം. കേരളത്തിലും ലോകത്തെമ്പാടും മാറ്റത്തിന്റെയും, ചിന്തയുടെയും, വായനയുടെയും, എഴുത്തിന്റെയുമൊക്കെ ലോകത്ത് വലിയ സ്വാധീനം ചെലുത്തിയിട്ടുള്ള സർവ്വകലാശാല അധ്യാപകർക്ക്, നിർഭാഗ്യവശാൽ അത്തരത്തിലുള്ള അധ്യാപകരെ സൃഷ്ടിക്കുന്നതിനുതകുന്ന ഈ യോഗ്യതകളുടെ കാര്യത്തിൽ വിട്ടുവീഴ്ച ചെയ്യുന്നത് ഭാവി കേരളത്തോടു ചെയ്യുന്ന അപകടമാണ്. അതുകൊണ്ട് യോഗ്യരായ ആളുകൾക്കു മാത്രമേ യു. ജി. സി. യുടെ ആനുകൂല്യം കൊടുക്കാവൂ. യു. ജി. സി. യുടെ നിബന്ധന അനുസരിച്ചുള്ളവരെ മാത്രമേ പ്രിൻസിപ്പൽമാരായി നിയമിക്കാവൂ. ഇക്കാര്യത്തിൽ ഗവണ്മെന്റ് ശക്തമായ നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ ഗൗരവതരമായ നിലപാട് സ്വീകരിക്കണം എന്നു ഞാൻ അഭ്യർത്ഥിക്കുന്നു. റൂൾസിൽ ചില ഭേദഗതി വരുത്താനുണ്ട് എന്നതിന്റെ പേരിൽ സബ്ജക്ട് കമ്മിറ്റിക്കു പോകാനുണ്ട് എന്നൊക്കെ പറഞ്ഞാണ് യോഗ്യത നിശ്ചയിക്കാത്തത്. റീഡർമാരായി നിരവധി ആളുകൾ പുറത്തു നിൽക്കുമ്പോൾ ഈ യോഗ്യതയൊന്നുമില്ലാത്ത ആളുകൾ വർഷങ്ങളായി പ്രിൻസിപ്പൽമാരായി തുടരുന്ന നടപടിക്ക് അറുതി വരുത്തണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):* സർ, വളരെ പ്രധാനമായ പ്രശ്നമാണ് ശ്രീ. പി. ടി. തോമസ് ഇവിടെ ഉന്നയിച്ചത്. ഈ കാര്യം ഒരു സ്ഥലത്ത് അങ്ങ് വളരെ ഗൗരവമായി പറയുന്നത് എനിക്കും കേൾക്കാനവസരമുണ്ടായി. കേരളത്തിൽ യു. ജി. സി. നടപ്പാക്കിയ സമയത്ത് salary component കൊടുത്തു എന്നുള്ളതല്ലാതെ Career Advancement, Qualification തുടങ്ങിയ കാര്യങ്ങളിൽ വേണ്ടത്ര നിഷ്ക്കർഷത പാലിച്ചില്ല. അതിന്റെയടിസ്ഥാനത്തിൽ പ്രിൻസിപ്പൽമാരുടെയൊക്കെ പ്രൊമോഷൻ കാര്യത്തിൽ വേണ്ടത്ര ക്വാളിഫിക്കേഷൻ ശ്രദ്ധിക്കാതെ പോയിട്ടുണ്ട്. ഈ സ്കീമിൽ പ്രതിപാദിച്ച കാര്യങ്ങൾ നടപ്പിലാക്കുന്നതിന് യൂണിവേഴ്സിറ്റി നിയമങ്ങളിലും, സ്പെഷ്യൽ റൂൾസിലും ആവശ്യമായ ഭേദഗതിയാണ് വരുത്തേണ്ടത്. കോളേജ് വിദ്യാഭ്യാസവകുപ്പ് നിലവിലുള്ള സ്പെഷ്യൽ റൂൾസ് അനുസരിച്ച് റീഡർമാരെയും സെലക്ഷൻ ഗ്രേഡ് ലക്ച്ചറർമാരെയും സീനിയോറിറ്റി മാനദണ്ഡമാക്കി പ്രൊമോഷൻ വഴിയാണ് ഇപ്പോൾ നിയമിക്കുന്നത്. യു. ജി. സി. നിഷ്ക്കർഷിച്ച യോഗ്യതകൾ അനുസരിച്ച് പ്രിൻസിപ്പൽ നിയമനം നടത്തുന്നതിന് സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഭേദഗതി

LIBRARY ARCHIVES Kerala Legislative Assembly

വരുത്തുവാനുള്ള കരട് ചട്ടങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ വയ്ക്കുവാൻ മുഖ്യമന്ത്രി ഉത്തരവിട്ടിട്ടുണ്ട്. കമ്മിറ്റിയിൽ വയ്ക്കുന്നതിന് മുൻപ് കരട് ചട്ടങ്ങൾ ഉപദേശത്തിനായി പബ്ളിക്ക് സർവ്വീസ് കമ്മിഷന് അയച്ചുകൊടുത്തിട്ടുണ്ട്. ഇതിൽ കമ്മിഷന്റെ വിശദാംശങ്ങൾ ആരാഞ്ഞിട്ടുണ്ട്. അത് സർക്കാരിന്റെ പരിഗണനയിലാണ്. പി. എസ്. സി. യുടെ അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ പ്രിൻസിപ്പൽ, പ്രൊഫസർ തസ്തികയിലേക്കുള്ള നിയമനങ്ങൾക്ക് യു. ജി. സി. നിഷ്ക്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ നടപ്പിലാക്കാൻ കഴിയും. ശ്രീ. പി. ടി. തോമസ് ഉന്നത വിദ്യാഭ്യാസരംഗത്തെ ഒരു പ്രശ്നമാണുന്നയിച്ചിട്ടുള്ളത്. ഗവണ്മെന്റ് അതിൽ സീരിയസ്സാണ്. ഈ കാര്യത്തിൽ തീർച്ചയായും വളരെ വേഗത്തിൽ തന്നെ തീർപ്പുണ്ടാക്കാൻ ശ്രമിക്കുന്നതാണ്.

(14) എൻ. എച്ച്. 17-ലെ മുത്തകുന്നം-ചെറിയാപ്പിള്ളി വരെയുള്ള പണി

ശ്രീ. എം. എ. ചന്ദ്രശേഖരൻ: സർ, എൻ.എച്ച്.17-ലെ മുത്തകുന്നം മുതൽ ചെറിയാപ്പിള്ളി വരെയുള്ള പ്രദേശത്തെ സ്ഥലമെടുപ്പുനടപടികൾ 1993-ൽ പൂർത്തിയായതാണ്. പക്ഷേ ഈ ഭാഗത്തെ പണി തുടങ്ങുന്ന കാര്യത്തിൽ എൻ. എച്ച്. അധികാരികൾ കുറ്റകരമായ അനാസ്ഥയാണ് കാണിക്കുന്നത്. ഇതിനെതിരായി ഹൈക്കോടതിപോലും പ്രതികരിക്കുകയും, കാലതാമസം ഒഴിവാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടും ഇതുവരെ നടപടി ഉണ്ടായിട്ടില്ല. ഇന്ന് മുത്തകുന്നം മുതൽ പറവൂർ വരെയുള്ള യാത്ര ജീവൻ പണയം വച്ചുകൊണ്ടുള്ള കളിയാണ്. അതുകൊണ്ട് ഈ ഭാഗത്തെ പണി തുടങ്ങുവാൻ ഗവണ്മെന്റ് അടിയന്തിരമായും നടപടികൾ കൈക്കൊള്ളണം.

മരാമത്ത് വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസവകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):* സർ, മുത്തകുന്നം മുതൽ ചെറിയാപ്പിള്ളി വരെയുള്ള അലൈൻമെന്റ് 19-11-1984-ൽ കേന്ദ്ര സർക്കാർ അംഗീകരിക്കുകയും, ഇതിന്റെ സ്ഥലമെടുപ്പ് പരിപാടികൾ 1993-ൽ പൂർത്തീകരിക്കുകയും ചെയ്തു. എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ കേരളത്തിന്റെ ദേശീയപാതയുടെ വികസനത്തിനായി അനുവദിക്കുന്ന വാർഷിക പദ്ധതികളിൽ ഇതിനാവശ്യമായ തുക അപര്യാപ്തമായതിനാൽ ഇതിന്റെ തുടർ നടപടികളെടുക്കുവാൻ സാധിച്ചിട്ടില്ല. എന്നിരുന്നാലും മുത്തകുന്നം ബ്രിഡ്ജിന്റെയും അതിനോടനുബന്ധിച്ചുള്ള 800 മി. റോഡിന്റെയും പണി 1997-ൽ തുടങ്ങി. 2000-ൽ പൂർത്തീകരിക്കുകയും ചെയ്തു. മുത്തകുന്നം മുതൽ ചെറിയാപ്പിള്ളി വരെയുള്ള നിർമ്മാണ പ്രവർത്തനത്തിനുള്ള

LIBRARY ARCHIVES Kerala Legislative Assembly